"ഭരണഭാഷ-മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം

150 YEARS OF CELEBRATING THE MAHATMA

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(ഇന്ത്യൻ കമ്പനീസ് ആക്ട് 1956 പ്രകാരം രൂപീകൃതം)

രജി.ഓഫീസ് :വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695004, കേരളം

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സർക്കിൾ, വൈദ്യുതി ഭവനം,ഗാന്ധി റോഡ്, കോഴിക്കോട്-673 011**

ഫോൺ നം :0495-2765912, ഫാക്സ് : 0495-2766919

ഇമെയിൽ : dceeckzd@kseb.in, ecksebkozhikode@gmail.com

വെബ് സൈറ്റ്: www.kseb.in, **GST:32AAECK2277NBZ1**

നമ്പർ: ടി എസ് 6 /Veh.Hrg /23-24/ 3864 തീയതി: 12 /02/2024

## ദർഘാസ് പരസ്യം

കോഴിക്കോട്, ഗാന്ധിറോഡ്, വൈദ്യുതി ഭവനത്തിലെ ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള താഴെ പറയുന്ന ആപ്പീസുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ അംഗീകൃത ലൈസൻസ്/പെർമിറ്റ് ഉള്ള വാഹനങ്ങൾ (15 വർഷത്തിൽ താഴെ കാലപ്പഴക്കമുള്ളത്) - ഡ്രൈവർ സഹിതം, ഓടിക്കുന്നതിനായി പരിചയ സമ്പന്നരും, വേണ്ടത്ര സാമ്പത്തിക ശേഷിയുള്ളവരുമായ വാഹന ഉടമകൾ/വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള, മുദ്ര വെച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. പൂരിപ്പിച്ച ദർഘാസുകൾ **ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, വൈദ്യുതിഭവനം, ഗാന്ധിറോഡ്, കോഴിക്കോട്** എന്ന മേൽ വിലാസത്തിൽ **രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ്/കൊറിയർ** മുഖാന്തിരം അയക്കേണ്ടതാണ്.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | ആപ്പീസിന്റെ പേര് | വാഹനം | കാലാവധി | പ്രതിമാസ പരമാവധി ദൂരം |
|---|---|---|---|---|---|
| 1. | ഇ.സി.കെ 48/23-24 | ഇലക്ട്രിക്കൽ സെക്ഷൻ, കാരപറമ്പ് | ടാക്സി ജീപ്പ് (1500 സിസിയ്ക്ക് മുകളിൽ) | 9 മാസം | 1750 കി.മീ |

| | |
|---|---|
| നിരത ദ്രവ്യം | 500/- രൂപ |
| ദർഘാസ് പ്രമാണത്തിന്റെ വില | 400 രൂപ +18 % GST |
| ദർഘാസുകൾ വിതരണം ചെയ്യുന്ന തീയ്യതി | 14-02-2024 മുതൽ 21-02-2024, 3.30 മണി വരെ |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി/ സമയം | 24-02-2024 വൈകുന്നേരം 3 മണി വരെ |
| ദർഘാസുകൾ തുറക്കുന്ന തീയ്യതിയും സമയവും | **24-02-2024 വൈകുന്നേരം 3.30ന്** |
| മറ്റു നിബന്ധനകൾ | നിലവിലുള്ളവ |
| വാടകയ്ക്ക് നൽകുന്ന വാഹനം 15 വർഷത്തിന് താഴെ കാലപഴക്കമുള്ളതായിരിക്കണമെന്ന് നിർബന്ധമാണ്. | |

നിബന്ധനകൾ:-

- ദർഘാസ് ഫോറം വാങ്ങാൻ വരുന്ന വാഹന ഉടമകൾ/വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, പാൻ കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം.
- ദർഘാസ് ഫോറം തിരുത്തലുകൾ ഇല്ലാതെ പൂരിപ്പിക്കേണ്ടതാണ്.
- ദർഘാസ് സമർപ്പിക്കുന്ന സമയത്ത് തന്നെ വാഹനത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്. (1)രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (2)പെർമിറ്റ് (3) ഇൻഷുറൻസ് (4) ടാക്സ് രശീതി (5) ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് (6) സ്വന്തം വാഹനം അല്ലെങ്കിൽ ഉടമയുടെ സമ്മത പത്രം. ഇവ ഇല്ലാത്ത പക്ഷം ദർഘാസ് നിരുപാധികം നിരസിക്കുന്നതാണ്
- ഒരു വാഹനത്തിന്റെ പേരിൽ ഒരു ദർഘാസിൽ മാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.
- ദർഘാസ് ലഭിച്ച ശേഷം അതിൽ നിന്ന് പിന്മാറുന്നവരെ യാതൊരു കാരണവശാലും ഈ കാര്യാലയത്തിൽ നടക്കുന്ന പിന്നീടുള്ള ദർഘാസുകളിൽ ഉൾപ്പെടുത്തുന്നതല്ല.
- ദർഘാസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ തീരുമാനം അന്തിമമായിരിക്കും.
- വാഹനം **24 മണിക്കൂറും** കെ എസ് ഇ ബി ഓഫീസ് ആവശ്യത്തിനായി ലഭ്യമാക്കണം.
- ദർഘാസ് ഫോറത്തോടൊപ്പം 500 രൂപയുടെ നിരത ദ്രവ്യം ഇലക്ട്രിക്കൽ സർക്കിൾ കോഴിക്കോട് കാര്യാലയത്തിൽ പണമായി അടച്ച് രസീതായോ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പേരിൽ മാറാവുന്ന ഡിഡി ആയോ ഹാജരാക്കേണ്ടതാണ്.
- ദർഘാസ് ലഭിക്കുന്നവർ ബാങ്ക് അക്കൌണ്ട് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, പാൻ കാർഡിന്റെ പകർപ്പ്, ജി എസ് ടി രജിസ്ട്രേഷൻ ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് എന്നിവ അതാത് ആപ്പീസിൽ സമർപ്പിക്കേണ്ടതാണ്.
- ദർഘാസ് അയയ്ക്കുന്ന കവറിന്റെ പുറത്ത് ദർഘാസ് നമ്പർ, അയയ്ക്കുന്ന ആളിന്റെ മേൽവിലാസം എന്നിവ വ്യക്തമായി എഴുതിയിരിക്കണം.

കൂടുതൽ വിവരങ്ങൾ താഴെ പറയുന്ന കാര്യാലയത്തിൽ നിന്ന് പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
**ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട്**

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ഇലക്ട്രിക്കൽ സർക്കിൾ, വൈദ്യുതി ഭവനം,
ഗാന്ധിറോഡ്, കോഴിക്കോട് - ഫോൺ : 2765912

09-02-2024